# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4238      03.02.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം

ചോദ്യം      ഉത്തരം

**ശ്രീ. എ.എ.അസീസ്**      **ശ്രീ.ഷിബു ബേബി ജോൺ**

(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് സ്ഥിര നിയമനം നൽകി എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2013 സെപ്റ്റംബർ വരെ 4636 പേർക്ക് സ്ഥിര നിയമനം നൽകി. വകുപ്പ് തിരിച്ചുള്ള സ്ഥിര നിയമനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെയുള്ള താൽക്കാലിക നിയമനങ്ങൾ തടയുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന /അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പി.എസ്.സി. യ്ക്ക് പുറമെയുള്ള ഒഴിവുകളിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തണമെന്ന് നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1959 -ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് ഫലപ്രദമായി നടത്തുന്നതിനായി ഈ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നടത്തുന്ന തൊഴിൽ സ്ഥാപന പരിശോധനയിൽ പല സ്ഥാപനങ്ങളും ടി ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തി വരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് നിർദ്ദേശം നൽകി വീണ്ടും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വകുപ്പുകളിൽ താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. |

ഗ്രന്ഥാനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ